# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് ഇരുപത്താറ്

## ക്രിസ്തു ഭൂമിയെ സ്വന്തമാക്കുവാൻ വരുന്നു

Tue കഴിഞ്ഞ നിരവധി ദൂതുകളിൽ ഏഴു മുദ്രകളുടെ ഉള്ളടക്കത്തെ നാം പരിഗണിക്കുകയായിരുന്നു. വെളിപ്പാട് പുസ്തകത്തിൽ ഏഴ് എന്ന സംഖ്യ രണ്ടു രീതിയിൽ ചേരുന്നതാണ്: നാല് അധികം മൂന്നും, ആറ് അധികം ഒന്നും. ഏഴു മുദ്രകളും ഏഴു കാഹളങ്ങളും ഈ രീതിയിൽ ചേരുന്നതാണ്. ഏഴ് എന്ന സംഖ്യയിൽ കൂട്ടിച്ചേർക്കലേ ഉള്ളൂ, ഗുണിതം ഇല്ല. എന്നാൽ പന്ത്രണ്ട് എന്ന സംഖ്യ മൂന്നു മടങ്ങു നാലിന്റെ ഉല്പന്നമാണ്. ഏഴു മുദ്രകൾ അർഥമാക്കുന്നത്, ദൈവത്തിന്റെ സമ്പൂർണ നീക്കത്തിൽ അവന്റെ സൃഷ്ടികൾ ത്രിയേകദൈവത്തിലേക്ക് കൊണ്ടുവരപ്പെടും എന്നാണ്. ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യനും നിസ്തുലനായ ദൈവത്തിങ്കലേക്ക് കൊണ്ടുവരപ്പെടും. അങ്ങനെ, ഏഴു മുദ്രകൾ ദൈവത്തിന്റെ സമ്പൂർണ നീക്കത്തെ സൂചിപ്പിക്കുന്നു. ഭൂമിയിലും പ്രപഞ്ചത്തിലുമുള്ള ദൈവത്തിന്റെ സമ്പൂർണ നീക്കമായ ഏഴു മുദ്രകൾ ദൈവത്തിന്റെ വ്യവസ്ഥയുടെ ഉള്ളടക്കമാണ്. ദൈവത്തിന്റെ നീക്കത്തിന്റെ ഉദ്ദേശ്യം നാല് എന്ന സംഖ്യയാൽ സൂചിപ്പിക്കപ്പെടുന്ന അവന്റെ സൃഷ്ടികളെ ത്രിയേകദൈവത്തിലേക്കു കൊണ്ടുവരുകയും, ആറ് എന്ന സംഖ്യയാൽ സൂചിപ്പിക്കപ്പെടുന്ന മനുഷ്യനെ (മനുഷ്യൻ ആറാം ദിവസം സൃഷ്ടിക്കപ്പെട്ടു) നിസ്തുലനായ ദൈവത്തിലേക്കു കൊണ്ടുവരുകയും ചെയ്യുക എന്നതാണ്. ഏഴു മുദ്രകൾ വാസ്തവത്തിൽ ദൈവത്തിന്റെ സൃഷ്ടിയെ അവനിലേക്കുതന്നെ കൊണ്ടുവരുന്നു. സാത്താനാൽ ഉണ്ടായ മനുഷ്യന്റെ വീഴ്ച മനുഷ്യനെ ദൈവത്തിൽനിന്നും അകറ്റിക്കളഞ്ഞു. വീഴ്ച ഒരു കിഴിക്കൽ ആണെങ്കിൽ, ഇന്ന് ദൈവത്തിന്റെ വ്യവസ്ഥ ഒരു ചേർക്കൽ ആണ്. വീഴ്ച മനുഷ്യനെ നിസ്തുലനായ ദൈവത്തിൽനിന്നും ദൂരേക്കു പോകുവാൻ ഇടയാക്കിയെങ്കിൽ, ദൈവത്തിന്റെ വ്യവസ്ഥയും അവന്റെ നീക്കവും മനുഷ്യനെ ദൈവത്തിലേക്കു മടക്കിക്കൊണ്ടുവരുന്നു.

അനേകം ക്രിസ്ത്യാനികളും ആറാമത്തെ മുദ്രയെയും ആദ്യത്തെ നാലു കാഹളങ്ങളെയും സംബന്ധിച്ച വിഷയങ്ങൾ

മനസ്സിലാക്കുന്നില്ല. ആറാമത്തെ മുദ്രയും ഏഴാമത്തെ മുദ്രയുടെ ആദ്യത്തെ നാലു കാഹളങ്ങളും മുഖ്യമായും ഭൂമിയുടെയും സ്വർഗീയസൈന്യത്തിന്റെയും കുലുക്കത്തെയും ന്യായവിധിയെയും സംബന്ധിച്ചതാണ്. ഈ കുലുക്കത്തിന്റെയും ന്യായവിധിയുടെയും ഫലമായി, ഇനിമേൽ ഭൂമി മനുഷ്യന് സമാധാനമായി ജീവിക്കുവാൻ യോജിച്ച ഒരു സ്ഥലമായിരിക്കുകയില്ല. ആറാമത്തെ മുദ്രയും ആദ്യത്തെ അഞ്ചു കാഹളങ്ങളും കാലത്തിൽ ഒന്നിനോടൊന്ന് വളരെ അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു, അവ തമ്മിൽ അധികം ഇടവേള ഇല്ല. ഒന്നാമത്തെ കുതിര മുതൽ എണ്ണിക്കൊണ്ട്, മഹോപദ്രവം ഏഴു വർഷം നീണ്ടുനിൽക്കുമെന്ന് ചിലർ പറയുന്നു. അങ്ങനെയുള്ളവർ ക്രിസ്തുവിന്റെ ആരോഹണം മുതലുള്ള മനുഷ്യവർഗത്തിന്റെ ചരിത്രമാണ് വെളിപ്പാടിലുള്ളതെന്ന് കണ്ടിട്ടില്ല. അവരുടെ വ്യാഖ്യാനം ക്രിസ്തുവിന്റെ ആരോഹണത്തിനും അന്ത്യകാലത്തിനും ഇടയിൽ ഒരു വലിയ വിടവ് അവശേഷിപ്പിക്കുന്നു. വരുവാനുള്ള കാര്യങ്ങൾ അവൻ പ്രവചിച്ചത് ആദ്യ നൂറ്റാണ്ടിലായിരുന്നതുകൊണ്ട് (1:19), ഏകദേശം രണ്ടായിരം വർഷം ദൈർഘ്യമുള്ള അങ്ങനെയുള്ള ഒരു വിടവ് ഉണ്ടായിരിക്കുന്നത് കർത്താവിന്റെ പ്രവചനമനുസരിച്ച് യുക്തിസഹമല്ല. കൂടാതെ, അധ്യായം അഞ്ചിലെ ചുരുൾ ദൈവത്തിന്റെ വ്യവസ്ഥയുടെ പൂർണ്ണമായ ഒരു വെളിപാടാണ്. അതുപോലെ, ഇതിൽ സുവിശേഷം പ്രസംഗിക്കുന്നത് ഉൾപ്പെട്ടിരിക്കണം. സഭ ഉളവാക്കപ്പെടേണ്ടതിനു വേണ്ടി സുവിശേഷം പ്രസംഗിക്കുന്നത് ദൈവത്തിന്റെ വ്യവസ്ഥയിലെ ഒരു വലിയ വിഷയമാണ്. ഈ പുസ്തകത്തിൽ ഇങ്ങനെയുള്ള ഒരു വലിയ വിടവ് ഉണ്ടായിരിക്കുന്നത് യുക്തിസഹമല്ലാത്തതുകൊണ്ട്, ആദ്യത്തെ നാലു മുദ്രകളിലെ നാലു കുതിരകൾ ക്രിസ്തുവിന്റെ ആരോഹണംമുതൽ ഈ യുഗത്തിന്റെ അന്ത്യംവരെയുള്ള മനുഷ്യചരിത്രത്തിന്റെ ഒരു രൂപരേഖയാണെന്ന് നാം വിശ്വസിക്കുന്നു.

മഹോപദ്രവത്തിന്റെ ആരംഭമായ ആറാമത്തെ മുദ്ര മുതൽ അഞ്ചാമത്തെ കാഹളം വരെയുള്ള സമയം വളരെ ചുരുങ്ങിയ ഒരു സമയമായിരിക്കും എന്നുള്ളതുകൊണ്ട്, അവസാനത്തെ ഏഴു വർഷങ്ങൾ ഒരുപക്ഷേ ആറാമത്തെ മുദ്രയോടുകൂടെ ആരംഭിക്കുകയില്ലെന്നും നമ്മുടെ ശ്രദ്ധാപൂർവമായ പഠനത്താൽ നാം കണ്ടിരുന്നു. അത് മൂന്നര വർഷമായിരിക്കുകയില്ല. മഹോപദ്രവം അവസാനത്തെ ഏഴു വർഷങ്ങളുടെ രണ്ടാം പകുതിയായ മൂന്നര വർഷമായിരിക്കും. ആറാമത്തെ കാഹളം മുതൽ നിങ്ങൾ അവസാനത്തെ ഏഴു വർഷം എണ്ണുന്നുവെങ്കിൽ, ആറാമത്തെ മുദ്ര മുതൽ അഞ്ചാമത്തെ കാഹളം വരെയുള്ള സമയം ഏറ്റവും കുറഞ്ഞത് മൂന്നര വർഷമായിരിക്കണം. യുക്തിപരമായി സംസാരിച്ചാൽ, ഇതു വളരെ നീണ്ടതാണ്. ആറാമത്തെ മുദ്രയ്ക്കും അഞ്ചാമത്തെ കാഹളത്തിനുമിടയിൽ ഭൂമിയുടെയും

സമുദ്രത്തിന്റെയും, നദികളുടെയും, സ്വർഗീയസൈന്യങ്ങളുടെയും മേലുള്ള ന്യായവിധികളായ നാലു കാഹളങ്ങൾ ഉണ്ടായിരിക്കും. ഇത് തീവ്രത കുറഞ്ഞതാണെങ്കിലും, ഭൂമിയെ ഇളക്കുന്നതും സ്വർഗീയസൈന്യത്തെ നശിപ്പിക്കുന്നതുമായ ആറാമത്തെ മുദ്ര ആദ്യത്തെ നാലു കാഹളങ്ങളെന്നപോലെ തത്ത്വത്തിൽ തുല്യമാണ്.

ആറാമത്തെ മുദ്രയും ആദ്യത്തെ നാലു കാഹളങ്ങളും മഹോപദ്രവത്തിന് ഒരു ആമുഖം, ഒരു പ്രാരംഭം, ആണ്. ഈ ദുരന്തങ്ങളിലൊന്നിലും ദൈവം നേരിട്ട് മനുഷ്യനെ തൊടുകയില്ല. അഞ്ചാമത്തെ കാഹളമെന്ന കഷ്ടത്തിന്റെ ദണ്ഡനവും ആറാമത്തെ കാഹളമെന്ന കഷ്ടത്തിന്റെ ഇരുപത് കോടി കുതിരപ്പടയാലുള്ള സംഹാരവും വരെ ഇതു സംഭവിക്കുകയില്ല. ആറാമത്തെ മുദ്രയുടെ കഷ്ടത്തിനുശേഷം, അവസാനത്തെ കഷ്ടവും ഏഴാമത്തെ കാഹളത്തിന്റെ ഉള്ളടക്കത്തിന്റെ ഭാഗവുമായ ഏഴു കലശങ്ങൾ ഉണ്ടായിരിക്കും. ആറാമത്തെ കാഹളത്തോടു ബന്ധപ്പെട്ട ആറാമത്തെ കലശം ഹർമ്മഗെദ്ദോനിലെ യുദ്ധത്തിനുവേണ്ടിയുള്ള കൂട്ടിച്ചേർക്കലായിരിക്കും. ആ യുദ്ധം എതിർക്രിസ്തുവിനോട് പോരാടാനും അവനെ തീപ്പൊയ്കയിലേക്ക് എറിയാനുമായി കർത്താവ് ഭൂമിയിലേക്ക് ഇറങ്ങിവരുമ്പോൾ (19:11-21), കർത്താവിനാൽ മെതിക്കപ്പെടുന്ന ദൈവക്രോധത്തിന്റെ വലിയ മുന്തിരിച്ചക്കായിരിക്കും (14:19-20; 19:15). ഇത് അവസാനത്തെ ബാധയും, മഹോപദ്രവത്തിന്റെ അവസാനവുമായിരിക്കുന്ന ഏറ്റവും വലിയ ഭൂകമ്പത്തെയും, ഏറ്റവും വലിയ കൽമഴയെയും കൊണ്ടുവരുന്നതിന് ആകാശത്തിൽ ഒഴിക്കുന്ന ഏഴാമത്തെ കലശത്തിന്റെ അതേ സമയമായിരിക്കണം.

ഈ ദൂതിൽ നാം ആറാമത്തെയും ഏഴാമത്തെയും കാഹളങ്ങളുടെ ഇടയിൽ കൂട്ടിച്ചേർക്കപ്പെട്ട ഒരു ഭാഗമായ 10:1-11-ലേക്കു വരുന്നു. നാം വെളിപ്പാട് പുസ്തകം മനസ്സിലാക്കണമെങ്കിൽ, ഏതെല്ലാം ഭാഗങ്ങളാണ് തുടർച്ചയായി വരുന്നതെന്നും ഏതെല്ലാം ഭാഗങ്ങളാണ് ഇടയിൽ ചേർത്തിരിക്കുന്നതെന്നും അറിഞ്ഞിരിക്കണം. നാം ഏഴാം അധ്യായത്തിലായിരുന്നപ്പോൾ, അത് ആറും ഏഴും മുദ്രകളുടെ ഇടയിൽ ദൈവം തന്റെ ജനത്തെ കാത്തുസൂക്ഷിക്കുന്നതിനെ കാണിച്ചുകൊണ്ടുള്ള ഒരു ഉൾച്ചേർക്കലാണെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ആ അധ്യായം യിസ്രായേലിന്റെ ശേഷിപ്പിനെ അടയാളപ്പെടുത്തുന്നതിന്റെ ദർശനത്തെയും ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവരുടെ ഉൾപ്രാപണത്തിന്റെ ദർശനത്തെയും കാണിക്കുന്നു. പത്താം അധ്യായം ആറാമത്തെയും ഏഴാമത്തെയും കാഹളങ്ങളുടെ ഇടയിലുള്ള ഒരു ഉൾച്ചേർക്കലിന്റെ ഭാഗമാണ്. ഈ ഉൾച്ചേർക്കൽ മൂന്നു ദർശനങ്ങൾ ചേരുന്നതാണ്: ക്രിസ്തു

ഭൂമിയെ കൈവശപ്പെടുത്തുവാൻ വരുന്നതിന്റെ ദർശനവും (10:1-7), എതിർക്രിസ്തുവിനാലും അവന്റെ സൈന്യങ്ങളാലും ഭൗമിക യെരുശലേമിനെ ചവിട്ടിമെതിക്കുന്ന ദർശനവും (11:1-2), രണ്ടു സാക്ഷികളുടെ ദർശനവും (11:3-12).

നാം മുഖ്യമായ സകല വസ്തുതകളും അറിയുകയും മനഃപാഠമായി പറയുകയും ചെയ്യുവാൻ കഴിയുന്നതുവരെ വെളിപ്പാട് പുസ്തകം വായിക്കുകയും പഠിക്കുകയും ചെയ്യണം. ഓരോ അധ്യായവും ക്രോഡീകരിക്കുവാൻ നാം പ്രാപ്തരായിരിക്കണം. ഒന്നാം അധ്യായത്തിൽ ഏഴു നിലവിളക്കുകളും, അവയുടെ ഇടയിൽ നടക്കുന്ന ക്രിസ്തുവും, രണ്ടും മൂന്നും അധ്യായങ്ങളിൽ ഏഴു സഭകളും, നാലാം അധ്യായത്തിൽ സ്വർഗീയ ദൃശ്യവും, അധ്യായം അഞ്ചിൽ ചുരുൾ തുറക്കുവാൻ യോഗ്യനായ ക്രിസ്തുവും, ആറാം അധ്യായത്തിൽ ആറു മുദ്രകളും, ഏഴാം അധ്യായത്തിൽ തന്റെ ജനത്തെ ദൈവം കാത്തുസൂക്ഷിക്കുന്നതിനെ സംബന്ധിച്ചുള്ള രണ്ടു ദർശനങ്ങളെ കാണിക്കുന്ന ഒരു ഉൾച്ചേർക്കലും, എട്ടാം അധ്യായത്തിൽ ആദ്യത്തെ നാലു കാഹളങ്ങളും, ഒമ്പതാം അധ്യായത്തിൽ അഞ്ചാമത്തെയും ആറാമത്തെയും കാഹളങ്ങളും, പത്താം അധ്യായത്തിൽ ക്രിസ്തു ഭൂമിയെ കൈവശമാക്കുവാൻ വരുന്നതും, പതിനൊന്നാം അധ്യായത്തിൽ രണ്ടു സാക്ഷികളും, പന്ത്രണ്ടാം അധ്യായത്തിൽ ആൺകുട്ടിയും, പതിമൂന്നാം അധ്യായത്തിൽ മൃഗവും, പതിന്നാലാം അധ്യായത്തിൽ ആദ്യഫലവും, മൃഗത്തെ ആരാധിക്കുന്നതും, കൊയ്ത്തും, മുന്തിരിച്ചക്കും, പതിനഞ്ചാം അധ്യായത്തിൽ കണ്ണാടിക്കടലിന്മേൽ നിൽക്കുന്ന ജയാളികളും, പതിനാറാം അധ്യായത്തിൽ ഏഴു കലശങ്ങളും, പതിനേഴാം അധ്യായത്തിൽ മതപരമായ ബാബിലോണും, പതിനെട്ടാം അധ്യായത്തിൽ ഭൗതികവും, രാഷ്ട്രീയവുമായ ബാബിലോണും, പത്തൊമ്പതാം അധ്യായത്തിൽ കുഞ്ഞാടിന്റെ വിവാഹവിരുന്നും ഹർമ്മഗെദ്ദോനിലെ യുദ്ധവും, ഇരുപതാം അധ്യായത്തിൽ സാത്താനെ ബന്ധിക്കുന്നതും, സഹസ്രാബ്ദരാജ്യവും, മനുഷ്യരാശിയുടെ അവസാനത്തെ മത്സരവും, വെള്ള സിംഹാസനത്തിലെ ന്യായവിധിയും, ഇരുപത്തൊന്നും ഇരുപത്തിരണ്ടും അധ്യായങ്ങളിൽ പുതിയ യെരൂശലേമിനോടുകൂടെ പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ട്.

Wed

## I. മറ്റൊരു ദൂതനായ ക്രിസ്തു

ഇനി നമുക്ക് 10:1-11-ന്റെ വിശദാംശങ്ങൾ നോക്കാം. ഈ വചനഭാഗത്തിൽ നമുക്ക് ക്രിസ്തു ഭൂമിയെ കൈവശമാക്കുവാൻ വരുന്നതിന്റെ വ്യക്തമായ ഒരു ദർശനം ഉണ്ട്. ഈ അധ്യായത്തിൽ 7:2-ലും, 8:3-ലും, 18:1-ലും എന്നപോലെ ക്രിസ്തു "ബലവാനായ മറ്റൊരു ദൂതൻ" ആണ്.

## A. സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്നു

മറ്റൊരു ദൂതൻ "സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്നത്" യോഹന്നാൻ കണ്ടുവെന്ന് വാക്യം 1 പറയുന്നു. ക്രിസ്തു ഇപ്പോൾ സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്നു. ഈ ദർശനം ഏഴാമത്തെ കാഹളത്തിനുമുമ്പ് ക്രിസ്തു അപ്പോഴും ഭൂമിയലേക്കുള്ള തന്റെ വഴിയിലാണെന്നതിന് ഒരു പരോക്ഷസൂചനയാണ്.

## B. മേഘം ധരിച്ചിരിക്കുന്നു

ക്രിസ്തു "മേഘം ധരിച്ചിരിക്കുന്നു" എന്ന് വാക്യം 1 പറയുന്നു. 14:14-ലും മത്തായി 24:30-ലും 26:64-ലും എന്നപോലെ അവൻ ഇതുവരെ "മേഘത്തിന്മേൽ" അല്ല. "മേഘത്തിന്മേൽ" ആയിരിക്കുന്നത് പരസ്യമായി വരുന്നതും, "മേഘം ധരിച്ചിരിക്കുന്നത്" രഹസ്യമായി വരുന്നതും ആണ്. മഹോപദ്രവത്തിന്റെ മധ്യത്തിൽ സംഭവിക്കുന്ന ആറാമത്തെ കാഹളത്തിനുശേഷംപോലും, 1:7-ലും മത്തായി 24:30-ലും പറഞ്ഞിരിക്കുന്നതുപോലെ ഭൂമിയിലെ സകല ഗോത്രങ്ങളും അവനെ കാണുന്നതുവരെ, ക്രിസ്തു പരസ്യമായല്ല, അപ്പോഴും രഹസ്യമായി വരുമെന്ന് ഇതു സൂചിപ്പിക്കുന്നു. പത്താം അധ്യായത്തിന്റെ സമയത്ത് ക്രിസ്തുവിന്റെ വരവ് അപ്പോഴും രഹസ്യമായയാണ്. ഹർമ്മഗെദ്ദോനിലെ കൂട്ടിച്ചേർക്കലിന്റെ സമയമായ ആറാമത്തെ കലശത്തിന്റെ സമയത്തുപോലും, ക്രിസ്തു ഒരു കള്ളനെപ്പോലെ വരുന്നുവെന്ന് അവൻ മുന്നറിയിപ്പു നല്കും (16:15). അവൻ മേഘത്തിന്മേൽ ഇരിക്കുകയും അവന്റെ വരവ് പരസ്യമായിത്തീരുകയും ചെയ്യുന്ന, പതിന്നാലാം അധ്യായംവരെ അവൻ മേഘത്തിൽ പൊതിയപ്പെട്ടിരിക്കും. ക്രിസ്തു മഹോപദ്രവത്തിനുമുമ്പു വരും എന്ന പൊതുവായ പഠിപ്പിക്കൽ കൃത്യമല്ല എന്ന് ഇതിനാൽ നാം കാണുന്നു.

## C. തലയിൽ മഴവില്ല്

ഈ ദർശനത്തിൽ ക്രിസ്തുവിന് "തലയിൽ ഒരു മഴവില്ല്" ഉണ്ട്. ഇവിടെ മഴവില്ല് സൂചിപ്പിക്കുന്നത് ഭൂമിയുടെമേലുള്ള തന്റെ ന്യായവിധിയിലും ഭൂമിയെ കൈവശപ്പെടുത്തുവാനുള്ള അവന്റെ വരവിലും ഭൂമിയെ സംബന്ധിച്ച് നോഹയുമായി ദൈവം ഉണ്ടാക്കിയ ഉടമ്പടി ക്രിസ്തു കാക്കും എന്നാണ് (ഉല്പ. 9:8-17). ചുറ്റിലും മഴവില്ലോടുകൂടെ സിംഹാസനത്തിൽ ഇരിക്കുന്നവന് അനുസൃതമായി ന്യായവിധി നടപ്പാക്കുന്നവനാണ് അവനെന്നും ഇതു ചൂണ്ടിക്കാണിക്കുന്നു.

## D. അവന്റെ മുഖം സൂര്യനെപ്പോലെ

"അവന്റെ മുഖം സൂര്യനെപ്പോലെ" ആണെന്നും വാക്യം 1

പറയുന്നു. തീർച്ചയായും ഇവിടെ, ഭൂമിയിലേക്ക് പരസ്യമായുള്ള അവന്റെ വരവിനോടടുത്ത്, അവൻ അരുണോദയത്തിനുമുമ്പുള്ള ഏറ്റവും ഇരുണ്ട സമയത്തിനു മുമ്പ് പ്രത്യക്ഷമാകുന്ന പ്രഭാതനക്ഷത്രംപോലെ ആയിരിക്കുകയില്ല.

## E. അവന്റെ പാദങ്ങൾ അഗ്നിത്തൂണുകൾപോലെ

ക്രിസ്തു ഭൂമിയെ കൈവശപ്പെടുത്തുവാൻ വരുമ്പോൾ അവന്റെ പാദങ്ങൾ "അഗ്നിത്തൂണുകൾപോലെ" ആയിരിക്കും. ഇവിടെ, തൂണുകൾ ദൃഢചിത്തതയെ ചൂണ്ടിക്കാണിക്കുന്നു (യിരെ. 1:18; ഗലാ. 2:9). അഗ്നി ദൈവത്തിന്റെ വിശുദ്ധിയെ സൂചിപ്പിക്കുന്നു (പുറ. 19:18; എബ്രാ. 12:29); അതിനനുസരിച്ച് ക്രിസ്തു ഭൂമിയുടെമേലുള്ള അവന്റെ ന്യായവിധി നടപ്പാക്കും.

## F. അവന്റെ കയ്യിൽ തുറന്നിരിക്കുന്ന ഒരു ചെറുചുരുൾ ഉണ്ടായിരുന്നു

ഈ അധ്യായത്തിൽ ക്രിസ്തുവിന് "അവന്റെ കൈയിൽ തുറക്കപ്പെട്ട ഒരു ചെറുചുരുൾ" (വാ. 2, 8) ഉണ്ട്. ഈ "തുറക്കപ്പെട്ട ചെറുചുരുൾ" 5:1-ലെ ചുരുളാണ്; അതു ദൈവത്തിന്റെ കയ്യിൽനിന്നു വാങ്ങുവാനും തുറക്കുവാനും ക്രിസ്തു മാത്രമാണ് യോഗ്യൻ (5:5, 7). അത് ഇപ്പോൾ അവന്റെ കയ്യിലാണ്. 5:1-ൽ അത് മുദ്രയിട്ടതായിരുന്നു; 10:2-ലും 8-ലും അത് തുറന്നിരിക്കുന്നു. സകല മുദ്രകളും അഴിച്ചിരിക്കുന്നതുകൊണ്ട് ചുരുൾ തുറന്നിരിക്കുന്നു. ഇവിടെ, ചുരുളിന്റെ ഒരു ഭാഗം മാത്രമായതിനാൽ അതിനെ ഒരു ചെറുചുരുൾ എന്നു വിളിച്ചിരിക്കുന്നു. ചുരുളിന്റെ മുഖ്യഭാഗം വെളിപ്പെടുത്തിക്കഴിഞ്ഞതുകൊണ്ട് അവസാനത്തെ ഭാഗത്തെ ഒരു ചെറുചുരുളായി പരിഗണിച്ചിരിക്കുന്നു.

## G. അവന്റെ വലങ്കാൽ സമുദ്രത്തിന്മേലും ഇടങ്കാൽ കരയിലും വച്ചിരിക്കുന്നു

"അവൻ തന്റെ വലതുകാൽ സമുദ്രത്തിന്മേലും ഇടതുകാൽ ഭൂമിയിന്മേലും വച്ചു" എന്നും വാക്യം 2 പറയുന്നു. അവന്റെ പാദങ്ങൾ സമുദ്രത്തിലും കരയിലും വച്ചിരിക്കുകയെന്നാൽ അവയെ ചവിട്ടുകയാണെന്നും, ഇതിന്റെ അർഥം അവയെ കൈവശപ്പെടുത്തുന്നു എന്നമാണ് (ആവ. 11:24; യോശുവ 1:3; സങ്കീ. 8:6). ഇതു സൂചിപ്പിക്കുന്നത് ക്രിസ്തു ഭൂമിയെ കൈവശമാക്കുവാൻ ഇറങ്ങിവരുന്നു എന്നാണ്. അവൻ മാത്രമാണ് ദൈവത്തിന്റെ വ്യവസ്ഥയുടെ ചുരുൾ തുറക്കുവാൻ യോഗ്യനും, അവൻ മാത്രമാണ് ഭൂമിയെ കൈവശപ്പെടുത്തുവാൻ യോഗ്യത ഉള്ളവനും. തങ്ങളുടെ കാൽപാദം ചവിട്ടുന്ന ഏതു ദേശവും അവർക്ക് സ്വന്തമായിരിക്കുമെന്ന് യോശുവയുടെ പുസ്തകത്തിൽ

ദൈവം ജനത്തോടു പറഞ്ഞു. അവർ നല്ലദേശത്തുകൂടി നടക്കണമായിരുന്നു; അവർ തങ്ങളുടെ കാൽ വയ്ക്കുന്നിടമെല്ലാം അവരുടെ സ്വന്തമായിരിക്കും. ഇതേ തത്ത്വം അടിസ്ഥാനമാക്കി, ഭൂമിയും സമുദ്രവും അവന്റെ അവകാശമായി അവനു നല്കപ്പെട്ടിരുന്നതു നിമിത്തം (സങ്കീ. 2:8), ദൈവത്താൽ അയയ്ക്കപ്പെട്ട മറ്റൊരു ദൂതനായ ക്രിസ്തു സമുദ്രത്തിന്മേലും ഭൂമിയിന്മേലും ചവിട്ടുവാൻ വരും. ഭൂമിയും സമുദ്രവും അവന്റെ ശത്രുവിനാൽ അപഹരിക്കപ്പെടുകയും, നൂറ്റാണ്ടുകളായി അവൻ ഇതു സഹിക്കുകയും ചെയ്യുന്നുവെങ്കിലും, ഒരു ദിവസം ഇനിമേൽ അവൻ അത് സഹിക്കുകയില്ല. അവന്റെ ന്യായപ്രകാരമുള്ള അവകാശത്തെ ആവശ്യപ്പെടുവാൻ അവൻ വരും.

## H. സിംഹത്തെപോലെ അത്യുച്ചത്തിൽ നിലവിളിക്കുന്നു

ക്രിസ്തു "സിംഹം ഗർജിക്കുന്നതുപോലെ അവൻ ഉച്ചത്തിൽ നിലവിളിച്ചു" എന്ന് വാക്യം 3 പറയുന്നു. ഒരു സിംഹത്തിന്റെ ഗർജനം രാജാവിന്റെ ക്രോധംപോലെയാണ് (സദൃശ്യ. 19:12; 20:2). ഭൂമിയുടെ രാജാവെന്ന നിലയിൽ ക്രിസ്തു കോപിക്കുവാൻ പ്രകോപിപ്പിക്കപ്പെട്ടുവെന്ന് ഇത് സൂചിപ്പിക്കുന്നു. സുവിശേഷങ്ങളിൽ ക്രിസ്തു ഒരു കുഞ്ഞാടിനെപ്പോലെ സംസാരിച്ചു, എന്നാൽ ഇവിടെ അവൻ ഒരു സിംഹത്തെപ്പോലെ ഗർജിക്കുന്നു. അധ്യായം മൂന്ന് കർത്താവിന്റെ സഹിഷ്ണുതയുടെ വചനത്തെ പ്രസ്താവിക്കുന്നു. സഹിഷ്ണുത അർഥമാക്കുന്നത് സഹനത്തെയാണ്. എന്നാൽ പത്താം അധ്യായത്തോടുകൂടി കർത്താവ് ഇനി സഹിഷ്ണുത പ്രയോഗിക്കുന്നില്ല. മറിച്ച്, ഭൂമിയെ കൈവശമാക്കുവാനുള്ള അവന്റെ വരവിൽ, അവൻ ഒരു സിംഹത്തെപ്പോലെ ഗർജിക്കുന്നു.

## I. ഏഴ് ഇടിമുഴക്കങ്ങൾ മുദ്രയിടപ്പെട്ടു

ക്രിസ്തു ഉച്ചത്തിൽ നിലവിളിച്ചപ്പോൾ, "ഏഴ് ഇടിമുഴക്കങ്ങളും തങ്ങളുടെ ശബ്ദങ്ങൾ ഉച്ചരിച്ചു." ഏഴ് ഇടിമുഴക്കങ്ങൾ പൂർണ്ണതയിലുള്ള ദൈവക്രോധത്തിന്റെ ആത്യന്തിക ഉച്ചരണങ്ങളായിരിക്കണം. വാക്യം 4 പറയുന്നു, "ഏഴ് ഇടിമുഴക്കങ്ങൾ സംസാരിച്ചപ്പോൾ, ഞാൻ എഴുതുവാൻ തുടങ്ങുകയായിരുന്നു, അനന്തരം ഏഴ് ഇടിമുഴക്കങ്ങൾ സംസാരിച്ച കാര്യങ്ങളെ മുദ്രയിടുക, അവ എഴുതരുത് എന്ന് സ്വർഗത്തിൽനിന്ന് പറയുന്ന ഒരു ശബ്ദം ഞാൻ കേട്ടു." ഏഴ് ഇടിമുഴക്കങ്ങൾ എന്താണു പറഞ്ഞതെന്ന് ഇന്നു നമുക്കറിയില്ല, എന്നാൽ ഒരു ദിവസം നാം അറിയും.

## J. ഇനി കാലതാമസമില്ല

വാക്യം 5-ഉം 6-ഉം പറയുന്നു, "സമുദ്രത്തിന്മേലും ഭൂമിയിന്മേലും

നിൽക്കുന്നതായി ഞാൻ കണ്ട ദൂതൻ തന്റെ വലംകൈ സ്വർഗത്തിലേക്ക് ഉയർത്തി ഇനിയും താമസമുണ്ടാകയില്ല എന്ന് ആകാശവും അതിലുള്ളതും, ഭൂമിയും അതിലുള്ളതും, സമുദ്രവും അതിലുള്ളതും സൃഷ്ടിച്ച, എന്നെന്നേക്കും ജീവിക്കുന്നവനെക്കൊണ്ട് ആണയിട്ടു," ആകാശത്തിലുള്ളവയിലെ മുഖ്യ കാര്യം, ദൂതന്മാരും, ഭൂമിയിലുള്ളവയിലെ മുഖ്യ കാര്യം മനുഷ്യരും, സമുദ്രത്തിലുള്ളവയിലെ മുഖ്യ കാര്യം ഭൂതങ്ങളും ആണ്. ആറാം കാഹളത്തിനുശേഷം ഭൂമിയുടെമേലുള്ള ദൈവത്തിന്റെ ന്യായവിധിയിൽ യാതൊരു സഹനത്തിന്റെയും സമയം ഉണ്ടായിരിക്കുകയില്ല. ഇക്കാരണത്താൽ, ഏഴാം കാഹളം ദൈവത്തിന്റെ ന്യായവിധികളിൽ ഏറ്റവും ഗൗരവമേറിയതാണ്. ഇത് 6:10-ലെ രക്തസാക്ഷികളായ വിശുദ്ധന്മാരുടെ പ്രാർഥനയ്ക്കുള്ള ദൈവത്തിന്റെ പൂർണമായ ഉത്തരമാണ്.

Thu

## II. ദൈവത്തിന്റെ മർമത്തിന്റെ പൂർത്തീകരണം

### A. ഏഴാമത്തെ കാഹളം ഊതുമ്പോൾ

വാക്യം 7 പറയുന്നു, "എന്നാൽ ഏഴാമത്തെ ദൂതന്റെ നാദത്തിന്റെ നാളുകളിൽ, അവൻ കാഹളം ഊതുവാൻ പോകുമ്പോൾ, ദൈവം തന്റെ സ്വന്തം അടിമകളായ പ്രവാചകന്മാർക്കും സുവാർത്ത അറിയിച്ചതുപോലെ, ദൈവത്തിന്റെ മർമം പൂർത്തിയായി." ദൈവത്തിന്റെ മർമത്തിന്റെ പൂർത്തീകരണം ഏഴാമത്തെ കാഹളം ഊതുമ്പോഴായിരിക്കുമെന്ന് ഇവിടെ നാം കാണുന്നു.

### B. ഏഴാം കാഹളത്തിന്റെ നാദം ചില നാളുകൾ നീണ്ടുനിൽക്കുന്നു

വാക്യം 7-ലെ "നാളുകളിൽ" എന്ന പ്രസ്താവം സൂചിപ്പിക്കുന്നത് ഏഴാമത്തെ കാഹളം ചില നാളുകൾ നീണ്ടുനിൽക്കും എന്നാണ്.

### C. മർമങ്ങളുടെ അവസാനം

ഏഴാമത്തെ ദൂതൻ കാഹളം ഊതുവാൻ തുടങ്ങുമ്പോൾ, ദൈവത്തിന്റെ മർമം നിവൃത്തിയാകും. ആദാം മുതൽ മോശെ വരെയും മോശെ മുതൽ ക്രിസ്തു വരെയുമുള്ള യുഗത്തിൽ സകലവും മറനീക്കപ്പെട്ടിരുന്നു, അഥവാ പ്രത്യക്ഷമാക്കപ്പെട്ടിരുന്നു: യാതൊരു മർമവും ഉണ്ടായിരുന്നില്ല. സഹസ്രാബ്ദയുഗത്തിലും പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും അങ്ങനെ തന്നെയായിരിക്കും—സകലവും മറനീക്കപ്പെട്ടിരിക്കും: യാതൊരു മർമവും ഉണ്ടായിരിക്കുകയില്ല. എന്നാൽ ക്രിസ്തുമുതൽ സഹസ്രാബ്ദരാജ്യംവരെയുള്ള യുഗത്തിൽ സകലവും ഒരു മർമമാണ്.

മർമയുഗത്തിന്റെ ആരംഭമായ ക്രിസ്തുവിന്റെ ജഡാവതാരം ഒരു മർമമാണ് (1 തിമൊ. 3:16). ക്രിസ്തുവും (കൊലൊ. 2:2), സഭയും (എഫെ. 3:4-6), സ്വർഗരാജ്യവും (മത്താ. 13:11), സുവിശേഷവും (6:19), ഉൾവസിക്കുന്ന ക്രിസ്തുവും (കൊലൊ. 1:26-27), ഈ മർമയുഗത്തിന്റെ അവസാനമെന്ന നിലയിൽ വരാൻപോകുന്ന പുനരുത്ഥാനവും വിശുദ്ധന്മാരുടെ കായാന്തരവും (1 കൊരി. 15:51-52) എല്ലാം പൂർവകാലങ്ങളിൽ മറഞ്ഞുകിടന്ന മർമങ്ങളാണ് (റോമ. 16:25; എഫെ. 3:5; കൊലൊ. 1:26). ഈ എല്ലാ മർമങ്ങളും ഏഴാമത്തെ കാഹളം ഊതുന്നതോടെ കഴിയുകയും, പൂർത്തിയാകുകയും, നിവൃത്തിയാകുകയും ചെയ്യും. ഏഴാമത്തെ കാഹളം ഊതുമ്പോൾ ഭൂമിയിന്മേലുള്ള ദൈവകോപത്തിന്റെ ന്യായവിധി മാത്രമല്ല, "ദൈവത്തിന്റെ മർമവും" നിവൃത്തിയാകും.

ഇന്ന് ഉൾവസിക്കുന്ന ക്രിസ്തുവും സഭയും ഒരു മർമമാണ്. നാം പുറത്തുള്ളവർക്ക് മാർമികരായതുകൊണ്ട്, നമ്മെ മനസ്സിലാക്കുവാൻ അവർക്കു കഴിയുകയില്ല. "കർത്താവിനെ സ്തുതിക്കാം, നമുക്ക് ക്രിസ്തു ഉള്ളിലുണ്ട്" എന്നു നാം പറയുമ്പോൾ, "ഞങ്ങളെ കാണിക്കൂ" എന്നു ജനം പറയും. "നിങ്ങളെ കാണിക്കുവാൻ എനിക്കു കഴിയുകയില്ല, എന്നാൽ ക്രിസ്തു എന്നിലുണ്ടെന്ന് എനിക്കറിയാം" എന്ന് ഉത്തരം നല്കുവാൻ മാത്രമേ നമുക്കു കഴിയൂ. ക്രിസ്തുവിന്റെ നമ്മിലുള്ള വാസം ഒരു മർമമാണ്. ക്രിസ്ത്യാനികളല്ലാത്തവർക്ക് കടയിൽനിന്നും കിട്ടാവുന്നതിനെക്കാൾ അധികം തുക ബാക്കിയായി കിട്ടുമ്പോൾ അവർ സന്തോഷിക്കുകയും അതിനെ ഒരു ലാഭമായി കരുതുകയും ചെയ്യുന്നു. എന്നാൽ നമുക്ക് അധികമായി കിട്ടുമ്പോൾ നാം അതു മടക്കിക്കൊടുക്കുന്നു. ഇത് കാഷ്യർക്ക് മാർമികമാണ്. നാം ഏതു തരം ആളുകളാണെന്ന് അവിശ്വാസികൾക്കു മനസ്സിലാക്കുവാൻ കഴിയുകയില്ല. എന്നെ പരിശോധിക്കുവാൻ തുനിയരുത്, കാരണം ഞാനൊരു മാർമിക മനുഷ്യനാണ്. ഇന്ന് മർമത്തിന്റെ കാലമാണെങ്കിലും, ഏഴാമത്തെ കാഹളം ഊതുമ്പോൾ, മർമം കഴിഞ്ഞിരിക്കും. ഏഴാമത്തെ കാഹളം ഊതുമ്പോൾ, ക്രിസ്തു പ്രത്യക്ഷനാകുകയും സർവഭൂമിയും അവനെ തിരിച്ചറിയുകയും ചെയ്യും. മാർമികരായ നാം എന്തുകൊണ്ട് അധികമായ തുക തിരിച്ചുനല്കിയെന്ന് അപ്പോൾ കാഷ്യർമാർ അറിയും. "അവർ മണ്ടന്മാരെന്നു ഞങ്ങൾ വിചാരിച്ചു, എന്നാൽ ഇപ്പോൾ ഞങ്ങൾ മനസ്സിലാക്കുന്നു" എന്ന് ഒരുപക്ഷേ അവർ പറയും. അവർക്ക് ഈ മർമം ഇന്നു മനസ്സിലായില്ലെങ്കിലും, ഒരു ദിവസം അവർ അതു മനസ്സിലാക്കും.

മുദ്രകൾ സ്വകാര്യവും മറയ്ക്കപ്പെട്ടതുമാണെങ്കിൽ, കാഹളങ്ങൾ തുറന്നതും പരസ്യവുമായ പ്രഖ്യാപനമാണ്. മുദ്രകളുടെ തുറക്കലിൽ ക്രിസ്തു മൗനിയായിരുന്നു, എന്നാൽ കാഹളങ്ങളുടെ ധ്വനിയിൽ അവൻ ഇനി മൗനമായിരിക്കുന്നില്ല.

## D. സുവാർത്തയായി പ്രവാചകന്മാർക്ക് അറിയിച്ചുകൊടുത്തു

ഏഴാമത്തെ കാഹളത്തിൽ, യെശയ്യാവ് 2:4; 11:1-10; 65:17-20; 66:22 എന്നീ വചനങ്ങളിലെന്നപോലെ, ദൈവം തന്റെ പ്രവാചകന്മാർക്ക് അറിയിച്ചുകൊടുത്ത "സുവാർത്ത" നിവർത്തിക്കപ്പെടും; അതായത്, രാജ്യം അതിന്റെ പ്രത്യക്ഷതയിൽ വരികയും (വെളി. 11:15), തുടർന്ന് പുതിയ യെരൂശലേമിനോടുകൂടെ പുതിയ ആകാശവും പുതിയ ഭൂമിയും വരികയും ചെയ്യും (21:1-3).

# III. യോഹന്നാൻ വീണ്ടും പ്രവചിക്കുന്നു

## A. തുറന്ന ചെറുചുരുൾ വാങ്ങി വിഴുങ്ങുന്നു

വാക്യം 8-ഉം 9-ഉം പറയുന്നു, "സ്വർഗത്തിൽനിന്ന് ഞാൻ കേട്ട ശബ്ദം, സമുദ്രത്തിന്മേലും ഭൂമിയിന്മേലും നിൽക്കുന്ന ദൂതന്റെ കൈയിൽനിന്ന് തുറക്കപ്പെട്ട ചുരുൾ പോയി എടുക്കുക എന്ന് എന്നോടു വീണ്ടും പറയുന്നത് ഞാൻ കേട്ടു. ഞാൻ ദൂതന്റെ അടുക്കൽ ചെന്ന് ആ ചെറുചുരുൾ തരുവാൻ പറഞ്ഞു. അവൻ എന്നോട്, നീ അതു വാങ്ങി വിഴുങ്ങുക, അതു നിന്റെ വയറിനെ കയ്പിക്കും, എന്നാൽ നിന്റെ വായിൽ അതു തേൻപോലെ മധുരമുള്ളതാകും എന്നു പറഞ്ഞു." ഈ പുസ്തകത്തിന്റെ എഴുത്തുകാരൻ ചുരുൾ സ്വീകരിക്കുക മാത്രമല്ല, അതു വിഴുങ്ങുകയും ചെയ്തു. എന്തിനെയെങ്കിലും വിഴുങ്ങുകയെന്നാൽ അതിനെ ഒരുവന്റെ മുഴുവൻ ആളത്തത്തിലേക്കും സ്വീകരിക്കുക എന്നാണ്. നാം ദിവ്യ വെളിപാട്, പ്രത്യേകിച്ചും വെളിപ്പാടുപുസ്തകം, ഈ രീതിയിൽ സ്വീകരിക്കണം. യിരെമ്യാവും യെഹെസ്കേലും ഇങ്ങനെ ചെയ്തിരുന്നു (യിരെ. 15:16; യെഹെ. 2:8; 3:1-3).

## B. വായിൽ മധുരമെങ്കിലും വയറ്റിൽ കയ്പുള്ളത്

വാക്യം 10 പറയുന്നു, "ദൂതന്റെ കൈയിൽനിന്ന് ഞാൻ ആ ചെറുചുരുൾ വാങ്ങി വിഴുങ്ങി, അത് എന്റെ വായിൽ തേൻപോലെ മധുരമുള്ളതായിരുന്നു; അതിനെ ഭക്ഷിച്ചപ്പോൾ, എന്റെ വയറ് കയ്പുള്ളതായിത്തീർന്നു." വിഴുങ്ങുന്നതിലൂടെ ദിവ്യ വെളിപാട് നാം സ്വീകരിക്കുമ്പോൾ, നാം ഭക്ഷിക്കുമ്പോൾ, അതു "മധുരമുള്ളതാണ്", എന്നാൽ നമ്മുടെ ദഹനത്തിൽ, അഥവാ നമ്മുടെ അനുഭവത്തിൽ അത് "കയ്പുള്ളത്" ആയിത്തീരുന്നു. നാം ഈ ജീവ-പഠന ദൂതുകൾ വായിക്കുമ്പോൾ അവ നമ്മുടെ രുചിക്ക് മധുരമുള്ളതായിരിക്കാം, എന്നാൽ നമ്മുടെ അനുഭവത്തിൽ അതു കയ്പുള്ളതായിത്തീരും. എങ്കിലും ഒടുവിൽ, നമ്മുടെ കണ്ണുകളിൽ കണ്ണുനീർ ഉണ്ടായിരിക്കുകയില്ല; നാം "ജീവജലത്തിന്റെ ഉറവുകളിൽ" നിന്നുള്ള വെള്ളം ആസ്വദിക്കും (7:17). ഇന്നു നമുക്ക് കണ്ണുനീരെന്ന

വെള്ളത്തെ അറിയാം. എന്നാൽ അവസാനം കണ്ണുനീർ ഉണ്ടായിരിക്കുകയില്ല. പകരം, നാം അത്ഭുതകരമായ ഉറവുകളിൽനിന്നുള്ള വെള്ളം കുടിക്കും. ഒടുവിൽ നമുക്ക് കൈപ്പ് ഇല്ലാതിരിക്കുകയും നിത്യമായ മാധുര്യം മാത്രം ഉണ്ടായിരിക്കുകയും ചെയ്യുന്നതിനാൽ കർത്താവിനെ സ്തുതിക്കാം.

## C. ക്രിസ്തു ഭൂമിയെ കൈവശപ്പെടുത്തുന്നതിനെ സംബന്ധിച്ച പ്രവചനം

വാക്യം 11 പറയുന്നു, "അവർ എന്നോട്, നീ അനേകം ജനങ്ങളെയും രാഷ്ട്രങ്ങളെയും ഭാഷകളെയും രാജാക്കന്മാരെയും കുറിച്ച് വീണ്ടും പ്രവചിക്കേണം എന്നു പറഞ്ഞു." യോഹന്നാൻ ദൈവത്തിന്റെ വ്യവസ്ഥയുടെ അവസാനഭാഗമായ ചെറുചുരുൾ കാണുകയും, അതു ഭക്ഷിക്കുകയും, അത് അവന്റെ വായിൽ മധുരവും വയറ്റിൽ കൈപ്പും എന്നു കണ്ടെത്തുകയും ചെയ്തതിനുശേഷം, വീണ്ടും പ്രവചിക്കുവാൻ ആജ്ഞാപിക്കപ്പെട്ടു. ഈ പുസ്തകത്തിന്റെ പ്രവചനം രണ്ടു ഭാഗങ്ങൾ ഉള്ളതാണ്. ഒന്നാം ഭാഗം ഒന്നാമത്തെ മുദ്ര മുതൽ ആറാമത്തെ കാഹളം വരെയാണ്; അതു രഹസ്യത്തിലാണ്. രണ്ടാം ഭാഗം ഏഴാമത്തെ കാഹളം മുതൽ പുതിയ ആകാശവും പുതിയ ഭൂമിയും വരെയാണ്; അത് പരസ്യമായി വെളിവാക്കിയിരിക്കുന്നു. യോഹന്നാൻ ആദ്യത്തെ ഭാഗത്തിൽ പ്രവചിച്ചിരുന്നു. ഇപ്പോൾ അവൻ "വീണ്ടും പ്രവചിക്കണം," അതായത്, ഈ പുസ്തകത്തിന്റെ രണ്ടാമത്തെ ഭാഗത്തിലും പ്രവചിക്കണം. യോഹന്നാന്റെ രണ്ടാമത്തെ പ്രവചനം ക്രിസ്തു ഭൂമിയെ കൈവശപ്പെടുത്തുന്നതിനെ സംബന്ധിച്ചതാണ് (11:15; 12:5). ഈ പ്രവചനം കലശങ്ങളും, സകല വിശുദ്ധന്മാരുടെയും ഉൾപ്രാപണവും, ക്രിസ്തുവിന്റെ ന്യായാസനവും, കുഞ്ഞാടിന്റെ വിവാഹവും, എതിർക്രിസ്തുവിനെയും കള്ളപ്രവാചകനെയും പരാജയപ്പെടുത്തുവാൻ തന്റെ തിരഞ്ഞെടുക്കപ്പെട്ട സൈന്യത്തോടുകൂടെയുള്ള ക്രിസ്തുവിന്റെ മടങ്ങിവരവും, സാത്താനെ ബന്ധിക്കുന്നതും, സഹസ്രാബ്ദരാജ്യവും, സാത്താന്റെ ദുഷ്പ്രേരണയിൻകീഴിലുള്ള മനുഷ്യവർഗത്തിന്റെ അവസാനത്തെ മത്സരവും, വെള്ള സിംഹാസനത്തിങ്കൽ തങ്ങളുടെ നിത്യമായ ഭാഗധേയത്തിനു വേണ്ടിയുള്ള മരിച്ചവരുടെ ന്യായവിധിയും, പുതിയ യെരൂശലേമിനോടുകൂടെയുള്ള പുതിയ ആകാശവും പുതിയ ഭൂമിയും ഉൾപ്പെടുന്ന ഏഴാം കാഹളമാണ്. ഇതാണ് ഏഴാമത്തെ കാഹളവും യോഹന്നാന്റെ രണ്ടാമത്തെ പ്രവചനവും. ഇത് ദൈവത്തിന്റെ വ്യവസ്ഥയുടെ അവസാനത്തെ ഭാഗമായ ചെറുചുരുളിന്റെ ഉള്ളടക്കവും ആണ്.